(1)	(2)	(3)	(4)	(5)
2014	114257	17520	4315	6378
2015	207279	32002	29467	63
ആകെ	583811	109526	126403	32869

(സി) വ്യാപകമായ റേഷൻ കള്ളക്കടത്തുമായി ബന്ധപ്പെട്ട് വ്യാപാരികളുടെ പങ്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉദ്യോഗസ്ഥതല പങ്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പുതിയ റേഷൻ കാർഡ് വിതരണം

248 (1332) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും മന്ത്രിസ്സേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുതിയ റേഷൻകാർഡ് വിതരണം ആരംഭിച്ചുവോ ; പ്രസ്തുത കാർഡ് വിതരണം എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും നിലവിലുള്ള പുരോഗതിയും, സമയക്രമവും എന്താണെന്നും വ്യക്തമാക്കുമോ ;

(ബി) പുതിയ റേഷൻ കാർഡ് നൽകുമ്പോൾ ഗുണഭോക്താക്കൾ സ്വയം രേഖപ്പെടുത്തിയ വിവരങ്ങൾ വിശ്വാസത്തിലെടുത്ത് കൊണ്ട് ആയത് റേഷൻ കാർഡിൽ ഉൾപ്പെടുത്തുവാനാണോ ഉദ്ദേശിക്കുന്നത് ; എങ്കിൽ ഇതിന്മേൽ ഏതെങ്കിലും ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ;

(സി) റേഷൻ കാർഡിൽ പേര് ഉൾപ്പെടുത്താൻ കഴിയാത്തവർക്ക് പുതിയ റേഷൻ കാർഡ് വിതരണം നടത്തുന്നതിന് മുൻപ് ആയത് ഉൾപ്പെടുത്തുവാൻ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർദ്ദേശം ജില്ലാ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ : വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. പുതിയ കാർഡുകൾ 31-3-2016-ന് മുമ്പായി വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തുകയും, ടി ഡാറ്റാ എൻട്രിയിലെ തെറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

തിരുത്തി റാങ്കിംഗിനായി തയ്യാറാക്കുകയും ചെയ്യുന്ന പ്രക്രിയ നടന്നുവരുന്നു. ആയതിന് ശേഷം കരട് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് സോഷ്യൽ ആഡിറ്റിംഗ് നടത്തി പരാതിയും ആക്ഷേപങ്ങളും പരിഹരിച്ച് അന്തിമ റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ പുതിയ കാർഡുകൾ നൽകുന്നതാണ്.

(ബി) അപേക്ഷയോടൊപ്പം ലഭിക്കുന്ന വിവരങ്ങൾ സമഗ്രമായ ഒരു സോഷ്യൽ ഓഡിറ്റിംഗ് പ്രക്രിയയിലൂടെ പരിശോധിച്ച് കുറ്റമറ്റ രീതിയിൽ രൂപപ്പെടുത്തി റേഷൻ കാർഡ് നൽകുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

(സി) 1-1-2015-ന് 2 വയസ്സ് തികയുന്ന കുട്ടിയുടെ പേര് പുതിയ കാർഡുകളിൽ ചേർക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. സറണ്ടർ സർട്ടിഫിക്കറ്റ്, റിഡക്ഷൻ സർട്ടിഫിക്കറ്റ് എന്നിവ കൈവശമുള്ളവർക്ക് പുതിയ റേഷൻ കാർഡിന്റെ വിതരണം കഴിഞ്ഞിട്ട് പേരുകൾ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

റേഷൻ വിഹിതത്തിലെ കുറവ്

249 (1333) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉണഭോക്താക്കൾക്ക് നൽകിവരുന്ന റേഷൻ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) റേഷൻ കടകൾ വഴി ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ഉണഭോക്താക്കൾക്ക് എത്ര അളവിലാണ് റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതെന്നും 2011 ആദ്യമാസങ്ങളിൽ ഇവയുടെ അളവ് എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്രതവണ റേഷൻ വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കേന്ദ്രസർക്കാർ അനുവദിച്ച റേഷൻ വസ്തുക്കൾ യഥാസമയം ഏറ്റെടുക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ; ഇത് റേഷൻ വിഹിതത്തിൽ വെട്ടിക്കുറവ് വരുത്താൻ ഇടയാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly